നം. CEE/4900/2015/KEAM_2016/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## <u>2016 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനിലൂടെ സമർപ്പിക്കണം</u>

2016 ലെ കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) രണ്ടാം വർഷത്തിന് ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകിയാണ് എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ, അവർക്ക് യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) രണ്ടാം വർഷത്തിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ്. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടേയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടേയും മാർക്ക് പരിഗണിക്കുന്നതാണ്. ഇപ്രകാരം സമർപ്പിച്ച മാർക്ക്/ഗ്രേഡിന് തുല്യമായ മാർക്ക് KEAM 2016 പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (b) പ്രകാരം സ്റ്റാൻഡാർഡൈസേഷൻ പ്രക്രിയയ്ക്കു വിധേയമാക്കിയശേഷമാണ് 2016 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് **02.06.2016 മുതൽ 10.06.2016 ന് വൈകുന്നേരം 5 മണി വരെ** വെബ്സൈറ്റ് ലഭ്യമാകുന്നതാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള <u>**KEAM 2016-Candidate Portal**</u> എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരവരുടെ അപേക്ഷാ നമ്പർ, റോൾ നമ്പർ എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കീ നമ്പർ (KEAM 2016 അപേക്ഷാ ഫീസ് ഒടുക്കാൻ ഉപയോഗിച്ച സെക്യൂരിറ്റി കാർഡിലെ 16 അക്ക ആൽഫാ–നൂമറിക് കോഡ്), KEAM 2016 അപേക്ഷ സമർപ്പിച്ചപ്പോൾ ഉപയോഗിച്ച പാസ്‌വേർഡ് എന്നിവ നൽകി യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് സമർപ്പിക്കാവുന്നതാണ്. <u>KEAM 2016–ന് വേണ്ടി ഓൺലൈൻ അപേക്ഷാ സമർപ്പണം നടത്തിയപ്പോൾ ഡിമാന്റ് ഡ്രാഫ്റ്റ് (ഡി ഡി) വഴിയോ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ അപേക്ഷാ ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിൽ ലഭ്യമായ **'Print Key Number'** ലിങ്ക് ക്ലിക്ക് ചെയ്ത് പാസ്സ്‌വേഡ് നൽകിയാൽ കീ നമ്പർ ലഭ്യമാകുന്നതാണ്.</u> യോഗ്യതാ പരീക്ഷ പാസ്സായ **ബോർഡ്, വർഷം, രജിസ്റ്റർ നമ്പർ** എന്നിവ രേഖപ്പെടുത്തുമ്പോൾ വിദ്യാർത്ഥിയുടെ യോഗ്യതാ പരീക്ഷയുടെ മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അതത് ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് വെബ് പേജിൽ ദൃശ്യമാകുന്നതാണ്. ഇപ്രകാരം സൈറ്റിൽതന്നെ മാർക്ക് വിവരം ലഭ്യമാകുന്ന വിദ്യാർത്ഥികൾ മാർക്കുകൾ വീണ്ടും രേഖപ്പെടുത്തേണ്ടതില്ല. എന്നാൽ സൈറ്റിൽ ലഭ്യമായ മാർക്കുകൾ മാർക്ക് ലിസ്റ്റുമായി താരതമ്യം ചെയ്ത് ശരിയാണോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം തിരുത്തലുകൾ ആവശ്യമില്ലെങ്കിൽ 'I Confirm and Submit' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് 'Confirm' ചെയ്യേണ്ടതാണ്. മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തപക്ഷം വിദ്യാർത്ഥികൾ അവരവരുടെ ബോർഡ്, പാസ്സായ വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തുമ്പോൾ ദൃശ്യമാകുന്ന പേജിൽ ബന്ധപ്പെട്ട വിഷയങ്ങൾക്ക് ലഭിച്ച

മാർക്കുകൾ വെബ്സൈറ്റിൽ നിഷ്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി 'I Confirm and Submit' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് 'Confirm' ചെയ്യേണ്ടതാണ്. അതിനു ശേഷം എല്ലാ വിദ്യാർത്ഥികളും **"Finalize and Print Mark Data"** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് '**Marks Data Sheet**' **എന്ന പേജിന്റെ ഒരു പ്രിന്റൗട്ട് എടുക്കേണ്ടതാണ്**. ഈ പ്രിന്റൗട്ടിൽ നിശ്ചിത സ്ഥാനത്ത് വിദ്യാർത്ഥി ഒപ്പിട്ട ശേഷം വിദ്യാർത്ഥി സ്വയം സാക്ഷ്യപ്പെടുത്തിയ പ്ലസ് ടു/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്ത് **പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5-ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗിസ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ **10.06.2016 വൈകുന്നേരം 5 മണിക്ക്** മുൻപ് നേരിട്ടോ, തപാൽ മുഖാന്തിരമോ എത്തിക്കേണ്ടതാണ്.

എഞ്ചിനീയറിംഗിനോടൊപ്പം ആർക്കിടെക്ചർ കോഴ്സിനുകൂടി അപേക്ഷിച്ചിട്ടുള്ളവർ ഹോം പേജിലെ **'Mark Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം എഞ്ചിനീയറിംഗിനും, ആർക്കിടെക്ചറിനും വെവ്വേറെ മാർക്കുകൾ സമർപ്പിക്കേണ്ടതാണ്. അതിനുശേഷം ഓരോന്നിന്റെയും '**Marks Data Sheet**' പ്രത്യേകം പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ട ശേഷം മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം എഞ്ചിനീയറിംഗിനും, മാർക്ക് ലിസ്റ്റിന്റെയും **NATA** സ്കോർ കാർഡിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ആർക്കിടെക്ചറിനും വെവ്വേറെ അയച്ചു തരേണ്ടതാണ്.

മേൽപറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്താത്തവരേയും, വിദ്യാർത്ഥി ഒപ്പിട്ട '**Marks Data Sheet**', വിദ്യാർത്ഥി സ്വയം സാക്ഷ്യപ്പെടുത്തിയ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഹാജരാക്കാത്തതുമായ വിദ്യാർത്ഥികളേയും 2016-ലെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദി ആയിരിക്കുന്നതല്ല. ഇ-മെയിൽ/ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്ന രേഖകൾ പരിഗണിക്കുന്നതല്ല.

ഈ കാലയളവിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി കേരളത്തിലുടനീളം ഫെസിലിറ്റേഷൻ സെന്ററുകളും ഹെൽപ്പ് ഡെസ്ക്കുകളും സജ്ജമാക്കിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ പട്ടിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് :

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**
**Citizen Call centre: 155300, 0471-2115054, 2115098, 2335523**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
31.05.2016